പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 133 — 05.12.2014- ൽ മറുപടിക്ക്

## വൃദ്ധരും, അവശരുമായവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം
ശ്രീ. കെ.എം. ഷാജി
ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. കെ.എൻ.എ. ഖാദർ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ട് നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ട് നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യനീതി വകുപ്പിൽ നിലവിൽ പ്രത്യേക പദ്ധതികളില്ല. എന്നാൽ അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപെടുകയും ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'വിശപ്പുരഹിത നഗരം' പദ്ധതി കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലെ തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പാക്കി വരുന്നു. വൃദ്ധരും അവശരും അനാഥരും വികലാംഗരുമായിട്ടുള്ള സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് സൗജന്യമായി താമസവും, ഭക്ഷണവും, വസ്ത്രവും, മരുന്നും നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 71 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സൗജന്യ ഭക്ഷണം അത്യന്താപേക്ഷിതമായ വൃദ്ധരുടെയും, രോഗാവസ്ഥയാൽ തൊഴിലെടുക്കാനാവാതെയായ വ്യക്തികളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | വിവര ശേഖരണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരക്കാരക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനായി പൊതുവിതരണ സംവിധാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യം സാമൂഹ്യസുരക്ഷാ വിഭാഗം മുഖേന വൃദ്ധരും, അവശരുമായവർക്ക് ഉപയോഗപ്പെടുത്താനാവുമോ എന്ന കാര്യം ഭക്ഷ്യവകുപ്പുമായി ചേർന്ന് ആലോചിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. എന്നാൽ 65 വയസ്സിനുമുകളിൽ പ്രായമുള്ള യാതൊരു പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത വൃദ്ധരും അശരണരും ആയ ജനങ്ങളെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യനിരക്കിൽ പ്രതിമാസം 10 കിലോ അരി റേഷൻ ആയി ഭക്ഷ്യ പൊതുവിതരണ വകുപ്പ് നൽകുന്നു. |

സെക്ഷൻ ഓഫീസർ